# ക്യാബിനറ്റ് തീരുമാനങ്ങൾ 13-07-2016.

- കൊച്ചി സംയോജിത ജലഗതാഗത പദ്ധതിക്കായി 85 മില്യൻ യൂറോയുടെ (631.65 കോടി) ജർമ്മൻ സഹായം തേടാൻ തീരുമാനിച്ചു. സംസ്ഥാന സർക്കാർ ഓഹരി 103 കോടി രൂപയായിരിക്കും.

- ആയൂഷ് വകുപ്പിൽ 41 ആയുർവേദ തെറാപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചു.

- ആർ. പാർവ്വതി ദേവി, ഡോ. പി. സുരേഷ്കുമാർ എന്നിവരെ പി.എസ്.സി. അംഗങ്ങളായി നിയമിക്കാൻ മന്ത്രിസഭായോഗം ശുപാർശ ചെയ്തു.

- 15 സ്പെഷ്യൽ ഗവ. പ്ലീഡർമാരെ നിയമിച്ചു (ലിസ്റ്റ് പ്രത്യേകം അയയ്ക്കും)

## ധനസഹായം

- കാസർഗോഡ് മുങ്ങിമരിച്ച രാജശ്രീ, ജയശ്രീ എന്നിവരുടെ കുടുംബങ്ങൾക്ക് 3 ലക്ഷം രൂപാ വീതം നൽകാൻ തീരുമാനിച്ചു.
- മണ്ണിടിച്ചിലിൽ മരിച്ച ഇടുക്കി കട്ടപ്പന സൗത്ത് കിഴക്കേപ്പറമ്പിൽ വീട്ടിൽ ജോണിയുടെ മകൻ ജോബി ജോണിയുടെ കുടുംബത്തിന് മൂന്ന് ലക്ഷം രൂപ ധനസഹായം അനുവദിച്ചു.

- കുടിവെള്ള പദ്ധതിയുടെ ജലസംഭരണി മറിഞ്ഞ് വീണ് കൊട്ടാരക്കര പവിത്രേശ്വരം, കൈതക്കോട് വേലംപൊയ്ക ഷിബു ഭവനിൽ ആഞ്ചലോസിന്റെ മകൻ അഭി (8 വയസ്സ്) മരണമടഞ്ഞിരുന്നു. ആഞ്ചലോസിന്റെ ഭാര്യ ബീനയ്ക്കും മകൾ സ്നേഹയ്ക്കും ഗുരുതരമായ പരിക്കേറ്റിരുന്നു. ഈ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ ധനസഹായം അനുവദിച്ചു

- വൃക്ക സംബന്ധമായ അസുഖം ബാധിച്ച നെയ്യാറ്റിൻകര പള്ളിച്ചൽ ഇടയ്ക്കോട് തുണ്ടുവിളാകത്ത് വീട്ടിൽ എസ്. രവീന്ദ്രൻ നായർക്ക് വൃക്ക മാറ്റി വെയ്ക്കൽ ശസ്ത്രക്രിയയ്ക്കായി മൂന്ന് ലക്ഷം രൂപ അനുവദിച്ചു.

- ചലച്ചിത്ര സംവിധായകനും തിരക്കഥാകൃത്തുമായ കോഴിക്കോട് പന്നിയൻകര കണ്ണഞ്ചേരി റോഡിൽ മുത്തു ഹൗസിൽ ടി.എ. റസ്സാക്കിന് വൃക്ക സംബന്ധമായ ചികിത്സയ്ക്ക് അഞ്ച് ലക്ഷം രൂപ അനുവദിച്ചു

- തമിഴ്നാട്ടിലെ വള്ളിയൂരിൽ ഉണ്ടായ അപകടത്തിൽ മരിച്ച മൂന്നര വയസ്സുകാരൻ അരിൻ ബിജുവിന്റെ കുടുംബത്തിന് രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിച്ചു. കൊല്ലം മുദാക്കര ബിന്ദു സദനത്തിൽ ബിജുവിന്റെ മകനാണ്.

- ക്യാൻസർ ബാധിച്ച, ആലപ്പുഴ കുട്ടനാട് വെളിയനാട് കിടങ്ങറ വാവ ഭവനിൽ എം.വി. രാജുവിന് അഞ്ച് ലക്ഷം രൂപ അനുവദിച്ചു.